പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5473   18.11.2019 ൽ മറുപടിക്ക്

## വിമാനക്കമ്പനികളുടെ ചൂഷണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.വി. അബ്ദുറഹിമാൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരളത്തിൽ വിമാനക്കമ്പനികൾ ചില പ്രത്യേക സീസണുകളിൽ ഉൾപ്പെടെ യാത്രാ നിരക്ക് കുത്തനെ കൂട്ടുന്നതു കാരണം യാത്രക്കാർ നേരിടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും (സി) യും | സംസ്ഥാനത്തെ വിമാനത്താവളങ്ങളിൽ നിന്നും സർവ്വീസ് നടത്തുന്ന വിമാന കമ്പനികൾ പ്രത്യേക സീസണുകളിൽ വിമാന ടിക്കറ്റിൽ 300-500% വരെ വർദ്ധനവ് വരുത്താറുണ്ട്. ഇത്തരത്തിൽ അവധിക്കാലത്തും ഉത്സവകാലങ്ങളിലും എയർ ഇന്ത്യ ഉൾപ്പെടെയുള്ള വിമാന കമ്പനികൾ നടത്തുന്ന ചൂഷണം അവസാനിപ്പിക്കുന്നതിന് കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കൂടാതെ വിമാനയാത്രക്കൂലിയിൽ വൻ വർദ്ധന വരുത്തുന്നത് പതിവായ സാഹചര്യത്തിൽ ഇത്തരം വർദ്ധനവ് തടയാൻ സ്ഥിരം സംവിധാനം വേണമെന്ന ആവശ്യവും സംസ്ഥാനം ഉന്നയിച്ചിട്ടുണ്ട്. ഇതിലേക്കായി സർവ്വീസുകളുടെ എണ്ണവും സീറ്റും വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് വിവിധ എയർലൈൻ കമ്പനികളോടും വ്യോമയാന മന്ത്രാലയത്തോടും ആവശ്യപ്പെട്ടിട്ടുണ്ട്. അധിക വിമാന സർവ്വീസുകൾ നടത്തുന്നതിനുള്ള നടപടികൾ എയർലൈനുകൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | വിമാനക്കമ്പനികളുടെ പ്രീമിയം നിരക്കുകൾ മൂലമുള്ള ചൂഷണം അവസാനിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തി വിമാനക്കമ്പനികളുടെ ചൂഷണം അവസാനിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ